## സഭയ്ക്കുള്ളിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് സഭയിൽ ഇന്ന് നടന്നത്. ഈ വിഷയം സംബന്ധിച്ച് ചെയർ ഭരണ-പ്രതിപക്ഷ കക്ഷികളുമായി സംസാരിച്ചെങ്കിലും യോജിച്ച ഒരു തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ചെയറിന്റെ അഭിപ്രായം ആദ്യം രേഖപ്പെടുത്തുന്നു.

ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോഴുണ്ടായ സംഭവങ്ങൾ വളരെ ദൗർഭാഗ്യകരമാണ്. സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നിവരും മറ്റ് ചില അംഗങ്ങളും എന്റെ ഡയസ്സിൽ കയറുകയും ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി ചെയറിന്റെ മൈക്ക് പിടിച്ച് വലിക്കുകയും പ്രസ്തുത മൈക്കിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അംഗങ്ങളുടെ ഈ പെരുമാറ്റം നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള കടുത്ത അനാദരവും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. എന്തൊക്കെ പ്രകോപനങ്ങൾ ഉണ്ടായാലും വാച്ച് ആന്റ് വാർഡിനെ സഭയിലേയ്ക്ക് വിളിക്കരുതെന്ന സഭാദ്ധ്യക്ഷന്റെ തീരുമാനം കഴിഞ്ഞ 3 വർഷമായി

പാലിച്ചുവരുന്നു. ഇതൊരു ബലഹീനതയായി ബഹുമാനപ്പെട്ട ചില അംഗങ്ങൾ കണ്ടുവെന്ന് ഇന്നത്തെ സംഭവങ്ങൾ സൂചിപ്പിക്കുന്നു. സഭയുടെ ഉന്നതമായ അന്തസ്സ് നിലനിർത്തുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു. ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് എല്ലാ കക്ഷിനേതാക്കന്മാരോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങയുടെ വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്ന സമയം സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ കയറുകയും മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രീ. വി. ശിവൻകുട്ടി ഡെപ്യൂട്ടി സ്പീക്കറുടെ മൈക്ക് പിടിച്ച് വലിക്കുകയും അതിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുകയുമുണ്ടായി. മേൽപ്പറഞ്ഞ അംഗങ്ങളുടെ നടപടി സഭയോടുള്ള കടുത്ത അനാദരവും അച്ചടക്ക ലംഘനവുമാണ്. നിയമസഭാ സാമാജികരുടെ പെരുമാറ്റ ചട്ടത്തിന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായതിനാൽ കടുത്ത അച്ചടക്ക ലംഘനം നടത്തിയ ശ്രീ. വി. ശിവൻകുട്ടിയെ ഇന്ന് സഭ പിരിയുന്നതുവരെ സഭയിൽ നിന്നും സസ്പെന്റ് ചെയ്യണമെന്നും സർവ്വശ്രീ

ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങളെ കർശനമായി താക്കീത് ചെയ്യണമെന്നുമുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. പ്രമേയം പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)